സ്വകാര്യമേഖലയിലെ തൊഴിൽ സംരക്ഷണം

177 (2386) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ സണ്ണി ജോസഫ് :

ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം പുരോഗതിയുണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇവരുടെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ സ്വകാര്യ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനോടൊപ്പം തന്നെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമവേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്ലെറ്റ് എന്നിവ സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി വരുത്തിക്കൊണ്ട് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2014-ൽ വിവിധ തൊഴിൽ നിയമപ്രകാരമുള്ള പരിശോധന നടത്തിയതിൽ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ 74 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് നടപ്പിലാക്കി വരുന്നു. 2011 മുതൽ 2014 വരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചതിനുപുറമേ പുതുതായി അഞ്ച് തൊഴിൽ മേഖലകളെ കൂടി മിനിമം വേതനനിയമത്തിന്റെ പട്ടികയിലുൾപ്പെടുത്തി ആകെ 41 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മിനിമം വേതന ഉപദേശക സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വേതന സുരക്ഷാ പദ്ധതി നടപ്പിലാവുന്നതോടുകൂടി സ്വകാര്യമേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പുവരുത്താനും ആയത് സ്ഥാപനത്തിൽ പോകാതെ പരിശോധിക്കുന്നതിനും വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റുമെന്റ് എടുത്ത് ഇൻസ്പെക്ടർമാർക്ക് നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നതാണ്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ആധികാരികമായി പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ഡി) സ്വകാര്യ മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിച്ചുവരുന്നു.

അസംഘടിതമേഖലകളിലെ തൊഴിലാളികളുടെ ക്ഷേമം

178 (2387) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുണിക്കടകൾ, സൂപ്പർ മാർക്കറ്റുകൾ, പെട്രോൾ പമ്പുകൾ , ജ്വല്ലറികൾ തുടങ്ങിയ പല തൊഴിൽ മേഖലകളിലും സ്ത്രീകൾ ഉൾപ്പെടെയുള്ള ജോലിക്കാർക്ക് ഇരിക്കുന്നതിനോ മതിയായ വിശ്രമത്തിനോ ഉള്ള സാഹചര്യം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തൊഴിൽ മേഖലകളിലെല്ലാം അധികസമയം ജോലി ചെയ്യേണ്ടി വരാറുണ്ടെന്നും ആയതു് അവരുടെ ആരോഗ്യത്തെ സാരമായി ബാധിക്കാറുണ്ടെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് മതിയായ വിശ്രമം ലഭിക്കുന്നതിനും അർഹമായ വേതനം ലഭിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly